# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6079** **20.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി,പട്ടികവർഗ്ഗ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ധനസഹായം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ എന്തെല്ലാം ധനസഹായം നല്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ സർക്കാർ/എയ്ഡഡ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ വഴി പ്രവേശനം നേടി ബി.എസ്.സി/ജനറൽ നഴ്സിംഗ് കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകൃത ഫീസുകളും, ലംപ്സംഗ്രാന്റും ഡേ സ്കോളേഴ്സിന് പ്രതിമാസ സ്റ്റൈപന്റും, ഹോസ്റ്റലേഴ്സിന് നിശ്ചിത നിരക്കിൽ ഹോസ്റ്റൽ ചെലവും, പോക്കറ്റ് മണിയും അനുവദിച്ച് വരുന്നു.<br>സംസ്ഥാനത്തിനകത്ത് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ മെറിറ്റ് /റിസർവേഷൻ വഴി നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്വാശ്രയ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത അലോട്ട്മെന്റിലൂടെ മെരിറ്റ്/റിസർവേഷൻ സീറ്റുകളിൽ അഡ്മിഷൻ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വരുമാന പരിധി ഇല്ലാതെ സർക്കാർ അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾ നിശ്ചയിക്കുന്ന ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ, നിശ്ചിത നിരക്കിൽ ഹോസ്റ്റൽ ഫീ എന്നിവ നൽകുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റും, ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റും, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയും നൽകുന്നു.<br>നാഷണൽ എൻട്രൻസ് ടെസ്റ്റിലൂടെ സംസ്ഥാനത്തിനു പുറത്ത് വിവിധ സ്ഥാപനങ്ങളിൽ നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ട്യൂഷൻ ഫീസ് , സ്പെഷ്യൽ ഫീസ്, എക്സാം ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകി വരുന്നു.<br>സംസ്ഥാനത്തിനകത്തെ സ്വാശ്രയ സ്ഥാപന ങ്ങളിൽ കേന്ദ്രീകൃത അലോട്ട്മെന്റിലൂടെ അല്ലാതെ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും അന്യ സംസ്ഥാനത്ത് നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അല്ലാതെ |

| | | | |
|---|---|---|---|
| | | | അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ഗവ.ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് മാർഗ്ഗരേഖപ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നു. ഇതിന് വിദ്യാർത്ഥിയുടെ കുടുംബവാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ള ട്യൂഷൻഫീ, സ്പെഷ്യൽ ഫീ, എക്സാം ഫീ, നിശ്ചിത നിരക്കിലുള്ള മെയിന്റനൻസ് അലവൻസ് എന്നിവ നൽകുന്നു. |
| (ബി) | ഇതരസംസ്ഥാനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗം നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നഴ്സിംഗ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.<br>നാഷണൽ എൻട്രൻസ് ടെസ്റ്റിലൂടെ സംസ്ഥാനത്തിനു പുറത്ത് വിവിധ സ്ഥാപനങ്ങളിൽ നഴ്സിംഗ് പഠനത്തിന് അഡ്മിഷൻ ലഭിക്കുന്നവർക്കും കുടുംബ വാർഷിക വരുമാന പരിധി ഇല്ലാതെ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു.<br>അന്യ സംസ്ഥാനത്ത് നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അല്ലാതെ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നവർക്കും ഗവ.ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് അനുവദിക്കുന്നു. ഇതിന് വിദ്യാർത്ഥിയുടെ കുടുംബവാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |
| (സി) | പ്രസ്തുത വിദ്യാർത്ഥികളുടെ ഫീസ് റീ-ഇമ്പേഴ്സ്മെന്റ് വിഷയത്തിൽ യഥാസമയം തീരുമാനങ്ങൾ എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് മാർഗ്ഗരേഖ പ്രകാരം ആവശ്യമായ രേഖകൾ സഹിതം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ യഥാസമയം ഫീസ് റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ